**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — പത്തനംതിട്ട ജില്ല — ഏഴംകുളം ഗ്രാമപഞ്ചായത്ത് യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. കെ. സുകു സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.340/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം, 05.02.2018

=====================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 20.07.2014-ലെ ഡി6-22454/11 നമ്പർ നടപടിക്രമം

2. ശ്രീ. കെ. സുകു സമർപ്പിച്ച 16.08.2014-ലെ അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 15.01.2015-ലെ ഡി6-22454/11 നമ്പർ കത്ത്

**ഉത്തരവ്**

പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിലെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ പ്രോജക്ടിനായി അനുവദിച്ച 4 ലക്ഷം രൂപ നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് ആസൂത്രണ വകുപ്പ് ആവശ്യപ്പെട്ടതിനെത്തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏഴംകുളം ഗ്രാമപഞ്ചായത്ത് യു.ഡി. ക്ലാർക്കായിരുന്ന ശ്രീ സുകുവിന്റെ 2 വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ 2 വർഷത്തേയ്ക്ക് തടഞ്ഞ് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ച് തീർപ്പാക്കിയിരുന്നു.

പഞ്ചായത്ത് ഡയറക്ടറുടെ ടി നടപടിക്കെതിരെ ശ്രീ. സുകു പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. അലോട്ട്മെന്റ് ലെറ്റർ തനിക്ക് ലഭിച്ചിരുന്നില്ലായെന്നും തുക അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് മാത്രമാണ് തനിക്ക് ലഭിച്ചതെന്നും തുക ബാങ്ക് അക്കൗണ്ടിൽ വരുമ്പോൾ മാത്രമാണ് പ്ലാൻ ക്ലാർക്കിന് അതു സംബന്ധിച്ച ചുമതല വരുന്നതെന്നും അലോട്ട്മെന്റ് ലെറ്റർ കൈവശംവച്ച് തുക പണമാക്കി ബാങ്ക് അക്കൗണ്ടിൽ ഒടുക്കേണ്ട ബാധ്യത 1/8/2009 ലെ സ.ഉ. (കൈ) നം 150/2009/തസ്വഭവ പ്രകാരം അക്കൗണ്ടന്റിനാണെന്നും തന്റെ ഭാഗത്ത് വീഴ്ചകളൊന്നും വന്നിട്ടില്ലെന്നും, തന്റെ ഭാഗം കേൾക്കാതെയാണ് പഞ്ചായത്ത് ഡയറക്ടർ ഇത്തരത്തിൽ തീരുമാനമെടുത്തതെന്നും ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിക്കുകയുണ്ടായി.

ഇതുസംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ നല്കിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പഞ്ചായത്തിൽ പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീ. സുകു അലോട്ട്മെന്റുമായി ബന്ധപ്പെട്ട

പ്രൊസീഡിംഗ്സ് 08.03.2010-ൽ കൈപ്പറ്റിയിട്ടും അതിന്മേൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുകയുണ്ടായിട്ടില്ലെന്നും ടി വീഴ്ചയ്ക്ക് ടിയാൻ ഉത്തരവാദിയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടിയാന്റെ അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുള്ള വിവരങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണെന്നും അതിനാൽ നിരസിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ഈ കേസുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. ശോഭന കുമാരിക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാരിയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് ഉത്തരവായിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിലെ പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീ. സുകു അലോട്ട്മെന്റുമായി ബന്ധപ്പെട്ട പ്രൊസിഡിംഗ്സ് കൈപ്പറ്റിയിട്ടും അതിന്മേൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും ടി വീഴ്ചയ്ക്ക് ടിയാൻ ഉത്തരവാദിയാണെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുകു സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. കെ. സുകു, അക്കൗണ്ടന്റ്, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്
   (മുൻ യു.ഡി. ക്ലാർക്ക്, ഏഴംകുളം ഗ്രാമപഞ്ചായത്ത്)
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.36077/ഇപിബി2/2011/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ